**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4714** **02-07-2024 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണ ഗ്രന്ഥശാലകൾക്കുള്ള വെള്ളക്കരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രാമീണ ഗ്രന്ഥശാലകൾ ഉപയോഗിക്കുന്ന വെള്ളത്തിനുള്ള കരം ഏത് നിരക്കിലാണ് ഈടാക്കിവരുന്നത്; വിശദമാക്കാമോ; | (എ) | നിലവിൽ സംസ്ഥാനത്തെ ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രാമീണ ഗ്രന്ഥശാലകൾക്ക് ഗാർഹികേതര നിരക്കിലാണ് വാട്ടർ ചാർജ് ഈടാക്കി വരുന്നത്.<br>03.02.2023-ലെ GO (Ms). No. 11/2023/WRD ഉത്തരവ് പ്രകാരമുള്ള നിരക്കാണ് നിലവിലുള്ളത്. ഉപയോഗത്തിനനുസരിച്ച് നാല് സ്ലാബുകളായി തിരിച്ചാണ് ഗാർഹികേതര വാട്ടർ ചാർജ് കണക്കാക്കി വരുന്നത്. |
| (ബി) | നാമമാത്ര വരുമാനമുള്ള ഗ്രാമീണ ഗ്രന്ഥശാലകൾ ഉപയോഗിക്കുന്ന വെള്ളത്തിനുള്ള കരം ഗാർഹിക നിരക്കിൽ നൽകുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ബി) | കേരള വാട്ടർ സപ്ലൈ & സിവറേജ് ആക്ട് 1986, സെക്ഷൻ 37 പ്രകാരം, ഗ്രന്ഥശാലകളെ ഗാർഹികേതര വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് മാത്രമേ സാധിക്കുകയുള്ളൂ. ഗ്രാമീണ ഗ്രന്ഥശാലകൾ ഉപയോഗിക്കുന്ന വെള്ളത്തിനുള്ള വാട്ടർ ചാർജ്ജ് ഗാർഹിക നിരക്കിൽ നൽകുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ